# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4090 16.03.2017-ൽ മറുപടിക്ക്**

## വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനസംരക്ഷണ വിഭാഗം ജീവനക്കാരെ ഡ്യൂട്ടിയുടെ ഭാഗമായി ഒരു സമയം എത്ര ദിവസമാണ് പരമാവധി ഡ്യൂട്ടിക്കായി നിയോഗിക്കുന്നത്; വിശദമാക്കാമോ; | (എ) വനസംരക്ഷണ നിർവ്വഹണത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് വനസംരക്ഷണവിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി ദിവസങ്ങൾ ക്രമീകരിക്കുന്നത്. തുടർച്ചയായി ജോലി ചെയ്യേണ്ട സാഹചര്യത്തിൽ മതിയായ വിശ്രമം ഉറപ്പ വരുത്തിയാണ് മേലുദ്യോഗസ്ഥർ വനസംരക്ഷണ വിഭാഗം ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്. ദിവസങ്ങളോളം തുടർച്ചയായി ജോലി നോക്കേണ്ട സാഹചര്യം ഉണ്ടാകാറില്ല. |
| (ബി) പ്രസ്തുത ഡ്യൂട്ടിക്ക് കോമ്പൻസേഷൻ ലീവ് അനുവദിച്ചു നൽകാറുണ്ടോ; അതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) അവധി ദിവസം ഡ്യൂട്ടി നോക്കുന്ന സംരക്ഷണവിഭാഗം ജീവനക്കാർക്ക് ഓഫ് ഡേ അലവൻസ് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഫയർഫോഴ്സിൽ അനുവദിച്ചിരിക്കുന്നതു പോലെ ഇരുപത്തിനാല് മണിക്കൂർ ഡ്യൂട്ടിക്ക് 24 മണിക്കൂർ വിശ്രമം എന്ന വ്യവസ്ഥ വനപാലകർക്കും ബാധകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (സി) | 24 മണിക്കൂർ ഡ്യൂട്ടി വനം വകുപ്പിൽ നിലവിലില്ല. ഡ്യൂട്ടി കഴിഞ്ഞ് ആസ്ഥാനത്ത് തിരിച്ചെത്തുന്ന സംരക്ഷണവിഭാഗം ജീവനക്കാർക്ക് വിശ്രമം അനുവദിക്കുന്നുണ്ട്. |
| (ഡി) | പോലീസ് സേനാവിഭാഗങ്ങൾക്ക് അനുവദിച്ചിരിക്കുന്ന മാസ്റ്റർ ക്യാന്റീൻ സൗകര്യം വനസംരക്ഷണ ജീവനക്കാർക്കും ബാധകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് മാസ്റ്റർ ക്യാന്റീൻ സൗകര്യം അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**